## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4649 26.10.2016-ൽ മറുപടിയ്ക്ക്

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-I

**ചോദ്യം**

**ശ്രീ.കെ.എസ്.ശബരീനാഥൻ**

**ഉത്തരം**

**അഡ്വ.കെ.രാജു**
(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ആദ്യ പ്രൊമോഷൻ പോസ്റ്റായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I കാർക്ക് മറ്റ് വകുപ്പുകളിലെപ്പോലെ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കുമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(എ) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ആദ്യ പ്രൊമോഷൻ പോസ്റ്റായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I കാർക്ക് മറ്റ് വകുപ്പുകളിലെപ്പോലെ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കാൻ കഴിയില്ല. ആയതിന്റെ കാരണം ചുവടെ ചേർക്കുന്നു.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജില്ലാതല നിയമനം ലഭിക്കുകയും റേഷ്യോ പ്രൊമോഷൻ വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മാറുകയും ചെയ്യുന്നു. പ്രൊമോഷന് ശേഷം ടി ജീവനക്കാർക്ക് ജോലിയുടെ സ്വഭാവത്തിൽ മാറ്റം വരുന്നില്ല. ടി ജീവനക്കാർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകളിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മാറുന്നതല്ലാതെ സംസ്ഥാന-തലത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I റിട്ടയർ ചെയ്യുന്നവരുടെ വേക്കൻസികൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II വേക്കൻസികൾ ആയി ജില്ലാതലത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി പുതിയ നിയമനം

നടത്തുകയും ചെയ്യുന്നു. നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ജില്ലാതല തസ്തിക ആയതിനാൽ, സംസ്ഥാനതലത്തിൽ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയില്ല. ജില്ലാതല തസ്തികകൾക്ക് ജില്ലാതലത്തിൽ മാത്രമേ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയൂ.

(ബി) വർഷങ്ങളായി അന്യ ജില്ലകളിൽ ജോലി നോക്കുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് അവരുടെ സ്വന്തം ജില്ലകളിലേയ്ക്ക് മാറ്റം ലഭിയ്ക്കുന്നതിന് ജീവനക്കാരുടെ സൗകര്യാർത്ഥം ബദൽ സംവിധാനം എന്തെങ്കിലും സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആയി ഒരു ജില്ലയിൽ നിയമനം ലഭിച്ചവർക്ക് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റത്തിന് വ്യവസ്ഥയുണ്ട്. നിലവിൽ ജീവനക്കാർക്ക് പൊതുവായി ബാധകമായ ചട്ടങ്ങൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ബാധകമായതിനാൽ അവർക്ക് മാത്രമായി ബദൽ സംവിധാനം ഏർപ്പെടുത്തുവാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ